WISDOM students

EID CORNER

THE KIDS' SPACE

WISDOM ബാലവേദി

പെരുന്നാൾ

Ayisha Neharin
Class: 6th
Pallikkara

വരവായി വീണ്ടും ഈദിന് പൊന്നോളി
ഉയരുന്നു തക്ബീർ ധ്വനികൾ
വരവേൽകുക നാമുത്സാഹത്താൽ.
വരുവിൻ ഈദിനെയെതിരേല്പാൻ
വരവായി വീണ്ടും ഈദിന് പരിമളമെങ്ങും
ചിരിയുടെ പൂക്കാലം വരവേൽകുക.
നാമഹ്ലാദത്താൽ വരുവിൻ ഈദിനെയെതിരേല്പാൻ
നിരനിരയായി പുതുവസ്ത്രമണിഞ്ഞും
മധുരചുണ്ടുകളിൽ ചേർത്തും
മൈലാഞ്ചി കൈ കൊട്ടിപാടി ഈദിന് സ്വാഗതമോതിടുവിൻ
നിറയാത്തൊരു വയറും കാണരുതിന്നേ ദിവസം ലോകത്ത്
ചിരിതൂകാത്തൊരു മുഖവും കാണരുതിന്നേ ദിവസം ലോകത്ത്.

മനസ്സിലുണ്ട് ആ പെരുന്നാൾ
മിന്നി നിൽക്കും ബലി പെരുന്നാൾ
മങ്ങി നിൽക്കും ഈ പെരുന്നാൾ
മങ്ങലേറ്റു ഈ പെരുന്നാൾ

നബി പറഞ്ഞ സുന്നത്തുകൾ
ചെയ്യാൻ പോലും ആവാതെ
കടന്നുപോകും ഈ പെരുന്നാൾ
കരഞ്ഞ് പോകും റബ്ബിനോട്

മസ്ജിദിൻപടി ചേരാതെ
നമസ്ക്കരിക്കാൻ പോവാതെ
പൂർത്തിയാകുമോ ഈ പെരുന്നാൾ
പൂർണമാകുമോ ഈ പെരുന്നാൾ

നേരെ ഒന്ന് നോക്കാനും
കൈപിടിച്ച് നടക്കാനും
കൊതിച്ച് പോകും ഈ പെരുന്നാൾ
ഓർത്തും പോകും ആ പെരുന്നാൾ

ഓർക്കുന്നുണ്ടോ നമ്മളെല്ലാം
അന്ന് നബിതങ്ങൾ പറഞ്ഞവാക്ക്
രോഗം പടർന്ന് പിടിക്കുമ്പോൾ
അങ്ങ് ഇങ്ങും പോകരുത്
നമ്മൾ എവിടെ ആണേലും
അവിടെ തന്നെ കൂടിടണം
അനുസരിക്കാൻ നോക്കാതെ
നമ്മൾ ഓടി നടക്കുന്നു

നമ്മുടെ നബി പറഞ്ഞതെല്ലാം
കേട്ടിടേണം നമ്മളെല്ലാം
ഒടുവിൽ നമുക്ക് വന്ന് ചേരും
സന്തോഷത്തിൽ ബലിപെരുന്നാൾ
അതിനാൽ നമ്മൾ സ്തുതിച്ചിടേണം
നമ്മുടെ എല്ലാം റബ്ബിനോട്....

Amina Ifrath
Ernakulam



Aydha Amjad
Class: 7th
Ernakulam



Haniyah Shefeek
Class: 3rd
Pallikkara

Stay Home
Be Safe...

Sallya Nargees
Class: 2nd
Kochi

ഖുർആൻ

Fathima Saima
Class: 6th
Ernakulam

വിശുദ്ധമാം ഖുർആനേകി
വിശുദ്ധ ഖുർആൻ വായിച്ചാൽ
വിജയം നേടാം എന്നോതി
നന്മകൾ നേടാൻ എന്നെന്നും
നമുക്ക് ഖുർആൻ വായിക്കാം
ലോകത്തിനു വെളിച്ചവുമായി

ഖുർആൻ ഇറങ്ങി റമദാനിൽ
നന്മ നിറഞ്ഞ മഹാ ഗ്രന്ഥം
നന്മക്ക് വേണ്ടി നടന്നാൽ
നൽകും നന്മകൾ അല്ലാഹു
നന്മയിലൂടെ നടക്കേണം
നാളെ സ്വർഗം നേടേണം.

പെരുന്നാൾ അനുഭവം

Aadam Bin Shafeek
Class: 5th
Ernakulam

കഴിഞ്ഞ വർഷം എന്റെ വീട്ടിൽ പെരുന്നാൾ ആഘോഷിക്കാൻ പോവുകയായിരുന്നു. ഞങ്ങൾ ഈ ദ് ഗാഹിൽ പോയി തക്ബീർ ചൊല്ലി, പെരുന്നാൾ നമസ്കരിച്ചു. പിന്നീട് നേരെ ഉമ്മയുടെ വീട്ടിൽ പോയി . അവിടെ ഉമ്മയുടെ ഇത്താത്ത വന്നു. അവർക്ക് ഒരു കുഞ്ഞിവാവ ഉണ്ടായിരുന്നു അവനുമായി കളിച്ചു. കൂട്ടുകാരുമായി കളിച്ചു. പിന്നീട് പോത്തിനെ അറുക്കാൻ പോയി. പോത്തിനെ അറുക്കാൻ പോയപ്പോൾ ഞാൻ പേടിച്ചു പോയി. പിന്നീട് എല്ലാവർക്കും വിതരണം ചെയ്തു. പിന്നീട് ഉച്ചയ്ക്ക് ബിരിയാണി കഴിച്ചു. ഞങ്ങൾ കളിച്ചു ചിരിച്ചു വളരെ ഭംഗിയായി ആ പെരുന്നാൾ ആഘോഷിച്ചു.

കൊച്ചനുജൻ

Muhammed Afnan
Class: 5
Ernakulam

ചേതന പോലവേ കാത്തതല്ലേ ചേച്ചിയിച്ചേലണിഞ്ഞാവകളെ
ചേറാണ്ടൊരെന്റെ കൈ തൊട്ടു പോയാലൊട്ടു ചേതം വരുമെന്നു ചൊന്നതല്ലേ ?
എന്തിനേ പിന്നെ നീയെന്റെ മുമ്പിലിമ്മനോഹാരിത വെച്ചു തന്നു.
തേരോടിക്കാറ്റിന്നായേറെച്ചു കന്ന പൂവാരിക്കൊടുക്കുന്ന വള്ളി പോലെ ?
എന്തിനേ ചേച്ചി തൻ പുസ്തകങ്ങളെന്നലമാരിയിൽ
കൊണ്ടു വെച്ചു, നിത്യം പെറുന്ന മയിൽപ്പീലിക്കണ്ണുകൾ
പൊത്തി മറച്ചിട്ടു മാറ്റിടാതേ ?

ലോകവും കോറോണയും

Muhammed Faayis
Class: LP
Ernakulam

ലോകമാകെ കോറോണയായി
മനുഷ്യർ എല്ലാവരും വീട്ടിലുമായി
സ്കൂളുകൾ പൂട്ടി
കുട്ടികളെ വീട്ടിലും പൂട്ടി
തൊഴിലുമില്ല കുലിയുമില്ല
ലോക്ക്ഡൌൺ കാലം.....



peaceradio
Tune to reality

കുട്ടികൾക്കായി ഒട്ടേറെ വിഭവങ്ങളുമായി
ZAMEEL Online Library
വീഡിയോ / ഓഡിയോ സെക്ഷനുകളിലായി ഗാനങ്ങൾ, തേൻമൊഴി, സമ്മറെയ്സ്, ലിറ്റിൽ സ്റ്റാർസ്, ഓൺലൈൻ മദ്രസ തുടങ്ങിയ കാറ്റഗറികൾ കുട്ടികൾക്ക് മാത്രമായുണ്ട്. ഇന്നു തന്നെ സമീൽ ആപ്പ് ഡൗൺലോഡ് ചെയ്യുമല്ലോ.

zameel
the soulmate

WISDOM students

EID CORNER

THE KIDS' SPACE

WISDOM ബാലവേദി

വഴി തെറ്റിക്കുന്ന കൂട്ടുകാർ

Amina P.A
Class: 6th
Pattimattom

ഒരു പെരുന്നാൾ ദിവസം. അജ്മൽ ഉമ്മയുമൊത്തു പെരുന്നാൾ നമസ്കാരത്തിനായി ഈദ് ഗാഹിലേക്ക് പുറപ്പെട്ടു. നമസ്കാരം കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്ന വഴിയിൽ തന്റെ ഉറ്റ സുഹൃത്തായ നൗഫൽ വിളിച്ച് പറഞ്ഞു: ' ഞാൻ അഫ്സലിന്റെ വീട്ടിൽ ഉണ്ട്. നീ ഇവിടെ വരണം'. അപ്പോൾ അജ്മൽ ചോദിച്ചു: ' നിങ്ങൾ പെരുന്നാൾ നമസ്കാരം നിർവഹിച്ചോ? അപ്പോൾ നൗഫലിന്റെ മറുപടി അപ്രകാരമായിരുന്നു: 'നമ്മൾ എന്തിനാ നമസ്കരിക്കേണ്ടത് ? നമ്മൾ കുട്ടികൾ അല്ലെ? വലുതാകുമ്പോ നമസ്കരിച്ചാൽ പോരെ? നീ എന്തായാലും വീട്ടിലേക്ക് വാ എന്ന പറഞ്ഞ് ഫോൺ കട്ട് ചെയ്ത്.

ദുഹ്ർ ബാങ്ക് വിളിച്ചു. അജ്മൽ നമസ്കാരത്തിനായി പള്ളിയിലേക്ക് പുറപ്പെട്ടു. നമസ്കാരം കഴിഞ്ഞയുടനെ വാപ്പയുടെ അനുവാദം വാങ്ങി അജ്മൽ അഫ്സലിന്റെ വീട്ടിലേക്ക് പുറപ്പെട്ടു. അവിടെ അഫ്സലും നൗഫലും അജ്മലിനെ കാത്തിരിക്കുകയായിരുന്നു. അജ്മൽ അഫ്സലിന്റെ വീട്ടിൽ എത്തി. അവർ കുറച്ച് നേരം വിശേഷങ്ങൾ ഒക്കെ പറഞ്ഞതിനു ശേഷം അഫ്സലിന്റെ ഉമ്മ എല്ലാവർക്കും ഭക്ഷണം വിളമ്പി. അങ്ങനെ എല്ലാവരും ഭക്ഷണം കഴിച്ചതിന് ശേഷം അങ്ങാടിയിലേക്ക് പോകാം എന്ന് പറഞ്ഞു. അങ്ങാടിയിലേക്ക് നൗഫലും, അജ്മലും, അഫ്സലും പുറപ്പെട്ടു. പോകുന്ന വഴി ബാങ്ക് വിളിച്ചു. അജ്മൽ തന്റെ കൂട്ടുകാരോട് പറഞ്ഞു: 'വാ നമുക്ക് പള്ളിയിൽ കയറി നമസ്കരിച്ചിട്ട് പോകാം' അപ്പോൾ കൂട്ടുകാർ പറഞ്ഞു: 'ഇന്ന് പെരുന്നാൾ ദിവസമായിട്ട് എന്തിനാടാ നമസ്കാരം ഒക്കെ. നമുക്ക് അടിച്ചുപൊളിക്കാനുള്ള ദിവസമല്ലേ? ഇന്ന് ഒരു ദിവസത്തേക്ക് നീ നമസ്കരിക്കണ്ട. അപ്പോൾ അജ്മൽ പറഞ്ഞു: 'നമസ്കരിച്ചില്ലെങ്കിൽ അല്ലാഹുവിന്റെ കയ്യിൽ നിന്നും ശിക്ഷ ലഭിക്കും. എന്നെല്ലാം ഒത്തിരി പറഞ്ഞിട്ടും അവർ അത് കേട്ടില്ല. അങ്ങനെ അവസാനം കൂട്ടുകാരുടെ നിർബന്ധപ്രകാരം അവർ നമസ്കരിക്കാതെ യാത്ര തുടർന്നു. അവസാനം അവർ അങ്ങാടിയിൽ എത്തി. അഫ്സലും നൗഫലും ജ്യൂസ് ആണെന്നും പറഞ്ഞ് അജ്മലിന് കള്ള് കൊണ്ട് പോയി കൊടുത്തു. അജ്മൽ അത് കുടിച്ച് തുടങ്ങിയപ്പോൾ അതിൽ എന്തോ പന്തികേട് തോന്നി കുടിക്കാതെ ഇരുന്നപ്പോൾ അഫ്സലിന്റെയും നൗഫലിന്റെയും നിർബന്ധപ്രകാരം അത് കുടിക്കേണ്ടി വന്നു.

അങ്ങനെ പതിയെ പതിയെ അജ്മൽ തന്റെ കൂട്ടുകാരുടെ സ്വഭാവത്തിൽ ആയി മാറി. ദിവസവും മദ്രസയിൽ പോകണെന്ന് പറഞ്ഞ് സിനിമ കാണാനും വേണ്ടാത്ത ഹറാം ആയ കാര്യങ്ങളിലേക്ക് പോയി. വർഷങ്ങൾ പിന്നിട്ടു അജ്മൽ നമസ്കാരം, നോമ്പ് ഒന്നുമില്ലാത്ത ചീത്ത കുട്ടിയായി മാറി. ഏത് നേരവും അവൻ തന്റെ കൂട്ടുകാരോടൊപ്പം ആയിരിക്കും. ദിവസവും നേരം വൈകിയാണ് വീട്ടിലെത്തുന്നത്. വീട്ടിലെത്തിയാലും കള്ള് ഒക്കെ കുടിച്ച് ഉമ്മനെയും ഉപ്പാനെയും ചീത്ത പറയുകയും ചെയ്യും. അവന്റെ മാതാ പിതാക്കൾ അവന്റെ കാര്യത്തിൽ ഏറെ വിഷമത്തിലായി. ഏത് നേരവും അവനെ ഉപദേശിച്ച് കൊണ്ടിരിക്കും. എത്ര ഉപദേശിച്ചാലും ഞാൻ നന്നാവുല്ലാ എന്ന മട്ടിലാണ് അജ്മൽ.

ഒരു ദിവസം തന്റെ മകന്റെ കാര്യം ഓർത്ത് സഹിക്കാൻ വയ്യാതെ ഉമ്മ അജ്മലിനെ ഉപദേശിക്കാനായി ഉസ്താദിനെ വീട്ടിലേക്ക് വരുത്തി. ഉസ്താദ് അജ്മലിന് ഒത്തിരി കാര്യങ്ങൾ മനസ്സിലാക്കികൊടുത്തിട്ടും അവൻ അത് കേട്ട് നന്നാവാൻ തയ്യാറായില്ല. അങ്ങനെ ഉസ്താദ് പോയപ്പോൾ അജ്മൽ തന്റെ ഉമ്മാനെ ഒത്തിരി വഴക്ക് പറഞ്ഞു. ഉമ്മ സങ്കടം സഹിക്കാൻ വയ്യാതെ വാവിട്ട് കരഞ്ഞു. അവൻ ഇതെല്ലാം കണ്ട് കൊണ്ട് വീട്ടിൽ നിന്നും തന്റെ കൂട്ടുകാരന്റെ വീട്ടിലേക്ക് ചെന്നു. അവൻ അങ്ങാടിയിൽ എത്തിയതും അവൻ കിട്ടുന്ന വാർത്ത അവന്റെ രണ്ട് കൂട്ടുകാരന്മാരും ബൈക്ക് അപകടത്തിൽ മരണപെട്ടു എന്നായിരുന്നു. അത് കേട്ടതും അവന്റെ മനസ്സ് ആകെ തളർന്നു. ഇനി എന്നെ ആരുണ്ട് ആശ്വസിപ്പിക്കാൻ എന്ന് പറഞ്ഞു കൊണ്ട് അവൻ ഉമ്മയുടെ അടുക്കിലേക്ക് തന്നെ ചെന്നു. ഇനി എനിക്ക് കൂട്ടമായി ഉമ്മയും വാപ്പയും മാത്രമുള്ളു എന്ന് ചിന്തിച്ച് കൊണ്ട് അവൻ വീടിന്റെ മുറ്റത്ത് എത്തി. ബെൽ അടിച്ചു. ഉമ്മ വാതിൽ തുറന്നില്ല. അവനോടുള്ള പിണക്കത്തിൽ വാതിൽ തുറക്കാത്തതാണ് എന്ന് വിചാരിച്ച് അവൻ അങ്ങാടിയിൽ പോയി ഉമ്മാക്ക് ഏറ്റവും ഇഷ്ടമുള്ള പർദ്ദ വാങ്ങികൊണ്ടുവന്നു തന്നെ പോറ്റി വളർത്തിയ ഉമ്മാക്ക് വേണ്ടി. വീണ്ടും ബെൽ അടിച്ചു. തുറന്നില്ല. കുറെ നേരം തുറക്കാതായപ്പോൾ അവൻ വാപ്പയെ വിളിച്ച് കാര്യം പറഞ്ഞു. കുറച്ച് നേരം കഴിഞ്ഞതിന് ശേഷം വാപ്പ വന്നു. വാതിൽ തല്ലി പൊളിച്ച് തുറന്നു. അവൻ ഉമ്മ എന്ന് ഉറക്കെ വിളിച്ച് ഉമ്മയുടെ റൂമിലേക്ക് കവറുമായി ചെന്നു. അവിടെ ചെന്നതും അമ്പരിപ്പിക്കുന്ന കാഴ്ചയായിരുന്നു. തന്റെ ഉമ്മ ഈ ലോകത്തിൽ നിന്നും വിട പറഞ്ഞിരിക്കുന്നു. ഹൃദയാഘാതം മൂലം ആണെന്ന് ഡോക്ടർ പറഞ്ഞു. അങ്ങനെ അവന്റെ ബന്ധുമിത്രാദികൾ, അയൽക്കാർ, ഉസ്താദുമാർ, എല്ലാവരും ആ വീട്ടിൽ ഹാജരായി. ഉമ്മയുടെ കബറടക്കം കഴിഞ്ഞു. ഉമ്മയില്ലാത്ത വീട് ആകെ ശാന്തമായി. തന്റെ കൂട്ടുകാർ കാരണമാണ് ഇങ്ങേനെയല്ലാം സംഭവിച്ചത് എന്ന് അവൻ മനസ്സിലായി. തന്റെ കൂട്ടുകാരാണ് തന്നെ ഈ അവസ്ഥയിൽ എത്തിച്ചതെന്ന് അവൻ ചിന്തിച്ചു. തന്റെ കാര്യം ഓർത്ത് ഏത് നേരവും ഉമ്മ കരയുന്നത് അവൻ കാണാറുണ്ടായിരുന്നു. അവസാനം ഹൃദയാഘതവും വന്ന് മരണപെട്ടതും എല്ലാം അവൻ ഓർത്തു. പിന്നീട് മുതൽ ചീത്ത കാര്യങ്ങളിൽ നിന്നുമെല്ലാം മാറി നിന്ന് വാപ്പ പറയുന്നത് അനുസരിച് അവൻ ഇസ്ലാമികരീതിയിൽ മുന്നോട്ട് പോയി.

എന്റെ ബലിപെരുന്നാൾ അനുഭവം

അസ്സലാമു അലൈകും വറഹ്മത്തുള്ള.....
കൂട്ടുകാരെ, ഞാൻ സഫിയ നർഗീസ്, കൊച്ചിയിലെ ആസിയ ഭായ് സ്കൂളിൽ രണ്ടാം ക്ലാസ്സിലാണ് പഠിക്കുന്നത്. നിങ്ങൾക്കെല്ലാവർക്കും സുഖമല്ലേ?
ഞങ്ങളുടെ മട്ടാഞ്ചേരി ഏരിയ ഇപ്പോൾ കണ്ടെൻമെൻറ് സോൺ ആണ്.
അത് കൊണ്ട് എനിക്ക് കൂട്ടുകാരുമായി കളിക്കാനും ബന്ധുക്കളുടെ വീട്ടിൽ പോകാനും ഒന്നും കഴിയുന്നില്ല. ഇക്കാക്കമാരും ഞാനും ആദ്യമൊക്കെ ബോറടിച്ചിരിക്കുകയായിരുന്നു. പിന്നെ ഞങ്ങൾ ആർട്ടും ക്രഫ്റ്റും ഒക്കെ ചെയ്യാൻ തുടങ്ങിയപ്പോൾ വളരെ സന്തോഷമായി. ഇപ്പോൾ ഞങ്ങൾ ബലിപെരുന്നാൾ വരുന്നതിന്റെ ഒരുക്കത്തിലാണ്. എന്നാൽ കൊറോണാ ആയത് കൊണ്ട് മുമ്പത്തെപ്പോലെ പുത്തൻ ഉടുപ്പിട്ട് പള്ളിയിൽ പോകാനോ ആരുടേയും വീട്ടിൽ പോകാനോ പറ്റില്ലല്ലോ.
എങ്കിലും ഞങ്ങൾ അബ്ബായും ഉമ്മയും ഭയ്യമാരും ഒരുമിച്ച് വീട്ടിൽ നമസ്കരിക്കും.
ഇൻ ഷാ അല്ലാഹി
എല്ലാവരെയും വീഡിയോ കാൾ ചെയ്യാറുണ്ട്. സ്കൂളിലെ ഓൺലൈൻ മീറ്റിംഗിൽ ഫ്രണ്ട്സിനെ കാണുന്നതും എനിക്ക് വളരെ ഇഷ്ടമാണ്. എത്രെയും വേഗം കൊറോണ മാറാൻ ഞാൻ ദുആ ചെയ്യുന്നുണ്ട്. നിങ്ങളും ഡബ്ബിനോട് ദുആ ചെയ്യണേ.....

Safiya Nargees
Class: 2nd
Kochi

ഒരു പെരുന്നാൾ ഓർമ്മ

Abdul Khadir Nazar
Class: 2nd
Kothamangalam

അങ്ങനെ ഒരു പെരുന്നാൾ കൂടി വന്നെത്തി .....
പുത്തനുടുപ്പും സന്തോഷങ്ങളുമൊക്കെ എങ്കിലും അറിയാതെ 'ടിങ്കു' വിനെ ഓർമ്മവരും. തുള്ളിച്ചാടി നടക്കുന്ന ഒരു സുന്ദരൻ ആടായിരുന്നു ടിങ്കു.
കഴിഞ്ഞ പെരുന്നാളിന് ബലി അറുക്കുന്നതിന് ഉപ്പ വാങ്ങി വന്നതാണ്.
School ഉം Madrassa യും ഉള്ളത് കൊണ്ട് അധികം അതിനെ ശ്രദ്ധിച്ചിരുന്നില്ല. പക്ഷേ പതിയെ പതിയെ വലിയ ഇഷ്ടമായി.
അന്ന് പെരുന്നാളിന് അറുക്കാൻ ഉപ്പ അതിനെ കൊണ്ട് പോയത്.
..ഹോ ഇപ്പൊഴും മറന്നിട്ടില്ല. കുറെ വിഷമമായി.
ഉമ്മ പറയാറുള്ള Ibrahim നബിയുടെ മകനെ അറുക്കാൻ കൊണ്ട് പോയതിന്റെ വിഷമം അന്നാണ് മനസ്സിലായത്.
ഏതായാലും അല്ലാഹു പറഞ്ഞിട്ടാണല്ലോ എന്ന് ഓർക്കുമ്പോഴാ ഒരു സമാധാനം.

അല്ലാഹുവേ ഞങ്ങളിൽ നിന്ന് സ്വീകരിക്കേണമേ....



Hathim Hassan
Class: 5th
Manjapetty

Aysha Pallithotungal
Class: 4th



Abrar Amjad
Class: 4th
Ernakulam

Afia Fathima
Class: LP
Ernakulam



Umarul Farooq
Class: 6th
Ernakulam

തേൻമൊഴി
നന്മയുടെ വഴി

കുട്ടികൾക്കായി, ഞായറാഴ്ചകളിൽ പുറത്തിറങ്ങുന്ന വീഡിയോ സന്ദേശങ്ങൾ. ഒട്ടേറെ നൻമകൾ ഇതിനകം തേൻമൊഴിയിലൂടെ കുട്ടികൾ പഠിച്ചു കഴിഞ്ഞു.

ഇതുവരെ പുറത്തിറങ്ങിയ മുഴുവൻ എപ്പിസോഡുകളും കാണാൻ സമീൽ ആപ്പ് സന്ദർശിക്കൂ...

കുട്ടികൾക്കായി വൈവിധ്യമാർന്ന പ്രോഗ്രാമുകൾ:

സ്റ്റാർ ഡ്യൂസ്
പൂമരത്തണലിൽ
ടെലി ഡ്യൂസ്
ഇ- മദ്റസ
സ്വരം
ചങ്ങാതിക്കൂട്ടം

പീസ് റേഡിയോ പ്ലേ സ്റ്റോറിൽ നിന്നും ആപ്പ് സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

WISDOM students

EID CORNER

THE KIDS' SPACE

WISDOM ബാലവേദി

ഞാൻ പല സ്ഥലങ്ങളിലേക്കും യാത്ര ചെയ്തിട്ടുണ്ടെങ്കിലും എന്റെ ഊട്ടി യാത്ര മറക്കാനാവാത്തതായിരുന്നു. കഴിഞ്ഞ കൊല്ലം ബലിപെരുന്നാൾ ദിവസം രാത്രിയാണ് ഞങ്ങൾ യാത്ര തിരിച്ചത്. ഞങ്ങൾ എല്ലാ കൊല്ലവും പെരുന്നാൾ യാത്ര പോകാറുള്ളതാണ്. പെരുന്നാൾ ദിവസം രാത്രി ഒമ്പതു മണിക്കാണ് ഞങ്ങൾ യാത്ര തുടങ്ങിയത്. ഞങ്ങളാരും അന്ന് വണ്ടിയിൽ ഉറങ്ങിയില്ല പാട്ടുപാടിയും കഥ പറഞ്ഞും കളിചിരികളുമായി ഞങ്ങൾ യാത്ര ചെയ്തു. രാവിലെ കുനൂർ എന്ന സ്ഥലത്തു നിന്നും ട്രെയിനിൽ കയറി.ട്രെയിനിലായിരുന്നു ബാക്കി യാത്ര. എത്ര മനോഹരമായിരുന്നു ആ യാത്ര എന്നറിയാമോ?. മലമുകളിലൂടെയും കുന്നിൻ ചെരുവിലൂടെയും മഞ്ഞിന്റെ ഇടയിലൂടെയുമുള്ള യാത്രക്ക് ശേഷം ഞങ്ങൾ ഊട്ടിയിലെത്തി. ഊട്ടിയിൽ തണുപ്പാണ്. അവിടെ ധാരാളം പാർക്കുകൾ ഉണ്ടായിരുന്നു. കാണാൻ ഒത്തിരിയുണ്ട്. അന്ന് വരെ കാണാത്ത കാഴ്ച്ചകളാൽ നിറഞ്ഞ ഒരു കുഞ്ഞു പട്ടണമായിരുന്നു ഊട്ടി. ഞങ്ങൾ ബോട്ടിങ്ങും കുതിരസവാരിയും നടത്തി. ഞങ്ങൾ പകലൊക്കെയും ഇതെല്ലാം ആസ്വദിച്ചു നടന്നു. രാത്രി വീട്ടിലേക്ക് തിരിച്ചു. വെളുപ്പിന് തന്നെ വീട്ടിലെത്തി.യാത്രാക്ഷീണം കാരണം പിന്നെ ഒറ്റ ഉറക്കമായിരുന്നു. ഈ കൊല്ലം അങ്ങനെ യാത്ര ഒന്നും ചെയ്യാൻ പറ്റില്ലല്ലോ എന്ന് ഓർക്കുമ്പോൾ ഒരു സങ്കടം

വെള്ളപ്പൊക്കം

Lena Liyada A.L
Class: 7th
Ernakulam

ജലമേന്തിയോടികിതച്ച മേഘം
മഴയിൽ തടഞ്ഞു കമിഴ്ന്നു വീണു
കൊടുമുടിക്കിടയിലേക്കുരുളും കുടത്തിന്റെ ,
ചടപിട ശബ്ദങ്ങൾ കേൾപ്പതില്ലേ?
തണ്ണീർ ചിതറിതെറിപ്പതു കാണതില്ലേ?
പുഴയിൽ മലവെള്ളം പൊങ്ങിവന്നു ,
കരകൾ കവിഞ്ഞു , വയൽ നിറഞ്ഞു പടിയോളം
വന്നെത്തി , തൊടിയിലും ചെന്നെത്തി,
ഞൊടിയിലി മുറ്റത്തുമൊടിയെത്തും വെള്ള –
മൊടുവിലിറയത്തു മേറിക്കമെത്തും !

നാഥൻ

Safa Fathima
Class: 5th
Ernakulam

എത്ര സുന്ദരമാണീ ഭൂമി
എത്ര സൃഷ്ടികളാണീ ഭൂമിയിൽ
എല്ലാം വസിക്കുന്ന നമ്മുടെ ഭൂമിയെ
ആരാണ് സൃഷ്ടിച്ചതെന്നറിയുമോ?

എല്ലാം സൃഷ്ടിച്ചവനല്ലാഹു
എല്ലാം വസിക്കുന്നതവന്റെ ഭൂമിയിൽ
എത്ര കാരുണ്യമാണെന്നോർത്തിടാൻ
എത്ര മനോഹരമാണവന്റെ സൃഷ്ടികൾ

അല്ലാഹുവിന്റെ അനുഗ്രഹത്തെ
സ്തുതിക്കണം നാമെപ്പോഴും
നാം വാഴ്ത്തണം നാഥനെ
സർവ്വസ്തുതിയും നിനക്ക്തന്നെ

യാത്രാവിവരണം

Fathima Shamsudheen
Place: Ernakulam

ജാനുവരി പത്തിന് ഞങ്ങൾ കുട്ടുകുടുംബാംഗങ്ങൾ എല്ലാവരും ഒത്ത് ഒരു വിനോദയാത്രക്കായി പുറപ്പെട്ടു. ഞങ്ങൾ കുട്ടികൾക്കെല്ലാവർക്കും ഇതൊരു പുതിയ അനുഭവമായിരുന്നു. ആയതിനാൽ ഞങ്ങൾ വളരെ അധികം സന്തോഷത്താൽ തുള്ളിച്ചാടി. രാത്രി പത്ത് മണിയോട് കൂടി ഞങ്ങൾ ഊട്ടിയ്ക്ക് യാത്ര പുറപ്പെട്ടു. സെലിബ്രിനൊ എന്ന ടൂറിസ്റ്റ് ബസ്സ് ഞങ്ങളുടെ യാത്രയെ ആനന്ദകരമാക്കി. നേരം പുലർന്നപ്പോൾ അഗാധമായ തണുപ്പ് അനുഭവപ്പെടുകയും ഊട്ടിയിലെ കോടമഞ്ഞിനിടയിലൂടെ സൂര്യൻ ഞങ്ങളെ സ്വീകരിച്ചു. ഒന്നാം ദിനമായ അന്ന് ഞങ്ങൾ കൂനൂർ സ്റ്റേഷനിൽ നിന്ന് ട്രെയിൻ യാത്ര ആരംഭിച്ചു. അതിമനോഹരമായ ഗ്രാമദൃംഗി ആസ്വദിക്കുകയും ഒരുപാട് മരങ്ങളും ഞങ്ങളെ കൂടുതൽ ആനന്ദകരമാക്കി. ടണലിലൂടെയുള്ള ട്രെയിൻ യാത്ര എനിക്ക് സന്തോഷം നൽകി. ഒരുപാട് മലകളും അരുവികളും താണ്ടി മരങ്ങളോട് കൊച്ചു കഥകൾ ചൊല്ലി ഞങ്ങളുടെ ട്രെയിൻ യാത്ര ഊട്ടിയിൽ എത്തി. ഫ്രഷ് ആയതിനു ശേഷം ചെറിയൊരു ബ്രേക്ക്ഫാസ്റ്റ് കൊണ്ട് ഊർജ്ജം കൈകൊണ്ട് അന്നേ ദിവസത്തെ യാത്ര ഷൂട്ടിംഗ് പോയിന്റിലേക്ക് തിരിച്ചു. അവിടത്തെ അന്തരീക്ഷം തണുപ്പിനെ കുറയ്ക്കുന്നതായിരുന്നു. അവിടെ ചെന്നതും ഞാനന്റെ ആഗ്രഹം പൂവണിയിക്കാനായി നേരെ പോയത് കുതിരയുടെ അടുത്തേക്കാണ്. കുതിരപുറത്ത് സഞ്ചരിക്കുക എന്ന വാശി സഫലീകരിച്ച സന്തോഷത്തോടെ ഞാൻ തുള്ളിച്ചാടി. അവിടെ നിന്നും ഞങ്ങൾ പൈൻ ഫോറസ്റ്റിനുള്ളിലൂടെ കുട്ടുകൂടി നടന്ന് യാത്രയെ ഉല്ലാസകരമാക്കി. ഉച്ച ഊണിന് ശേഷം വളരെയധികം സന്തോഷത്തോടുകൂടി ഹോട്ടികൾച്ചർ ഗാർഡൻ സന്ദർശിച്ചു. കുറ്റിച്ചെടികളെല്ലാം നല്ല ഷെയ്പ്പിൽ വെട്ടി സുന്ദരമാക്കി വളർത്തിയിരിക്കുന്നത് കണ്ടപ്പോൾ എന്റെ വീട്ടിലും നല്ലൊരു ഗാർഡൻ നിർമ്മിക്കാൻ മോഹം ഉണ്ടായി. ഇതുവരെ കാണാത്ത പല ചെടികളേയും ഒരു കുഞ്ഞുതടാകവും കണ്ണുകൾക്ക് കുളിർമ ഏകി.ഓർമ്മകൾ ശേഖരിക്കാനായി കുറച്ച് നല്ല ഫോട്ടോസ് എടുക്കുകയും അടുത്ത സ്ഥലത്തേക്ക് യത്ര തിരിക്കുകയും ചെയ്തു. ഞങ്ങൾ പോകുന്ന വഴിയിൽ ഒരുപാട് കുരങ്ങന്മാരെ കാണുകയും കാരറ്റ് ഭക്ഷണമായി നൽകുകയും ചെയ്തു. വൈകിട്ട് നാല് മണിയോടെ ഞങ്ങൾ തടാകത്തിൽ എത്തുകയും ബോട്ടിങ്ങിനായി ഒരുങ്ങുകയും ചെയ്തു. വളരെയധികം സന്തോഷം തരുന്നതായിരുന്നു ആ ബോട്ടിംഗ്. ശേഷം ഞങ്ങൾ ഐസ്ക്രീം കഴിക്കുകയും എട്ട് മണിയോടെ ഭക്ഷണം കഴിച്ച് ഞങ്ങൾ ഊട്ടിയോട് വിട പറഞ്ഞു. തിരിച്ചുള്ള യാത്രയിൽ ഊട്ടിയിലെ ഓർമ്മകൾക്ക് കുട്ടികൾ ബസ്സിലിരുന്ന് ഒരുപാട് കളികൾ കളിക്കുകയും തമാശ പറയുകയും ചെയ്തു. ഈ ഒരു യാത്രയിൽ ഞങ്ങൾക്ക് ഉല്ലാസത്തിനുപരി ഞങ്ങളുടെ കുടുംബ ബന്ധത്തിന് ഉണർവ് കൂട്ടുകയും ചെയ്തു. ഒരിക്കലും മായാത്ത ഓർമ്മകളായി എന്നും ജീവിക്കും....

ഒരു മൂന്നാർ യാത്ര

യാത്രകളിൽ എന്റെ മനസ്സിൽ എന്നും നിലനിൽക്കുന്ന ഒന്നാണ് ഞങ്ങളുടെ മൂന്നാർ യാത്ര . എന്റെ ഉമ്മയുടെ വീട്ടിൽ നിന്നുമാണ് ഞങ്ങൾ പോയത് , രണ്ട് ദിവസത്തെ യാത്രയായിരുന്നു അത്. വെളുപ്പിന് തന്നെ യാത്ര തുടങ്ങി. ഞങ്ങൾ വീട്ടിൽ നിന്നും ഭക്ഷണം ഉണ്ടാക്കി കൊണ്ടുപോയിരുന്നു. വഴിയരികിൽ വച്ച് ഞങ്ങളത് കഴിച്ചു. മൂന്നാറിലേക്കുള്ള യാത്രയിൽ ഞങ്ങൾ ഒരുപാട് വെള്ളച്ചാട്ടങ്ങൾ കണ്ടു. തേയിലത്തോട്ടങ്ങളുടെ ഇടയിലൂടെയുള്ള യാത്രയാണ് ഏറ്റവും മനോഹരമായത്.

മൂന്നാറിൽ ആ സമയത്ത് ഫ്ലവർ ഷോ നടക്കുന്നുണ്ടായിരുന്നു. പലതരത്തിലുള്ള പൂക്കളെ ഞങ്ങൾക്ക് കാണാൻ സാധിച്ചു. ചെടികൾ കൊണ്ട് പലതരം മൃഗങ്ങളെ അവിടെ ഉണ്ടാക്കി വെച്ചിട്ടുണ്ടായിരുന്നു. അതിനടുത്തിരുന്ന് ഞങ്ങൾ ഐസ് ക്രീം കഴിച്ചു.കുറേ ഫോട്ടോകളും എടുത്തു. രാത്രി ഒരു കോട്ടേജിൽ താമസിച്ചു. അവിടെ നല്ല തണുപ്പായിരുന്നു.

പിറ്റേദിവസം ഞങ്ങൾ മാട്ടുപെട്ടി ഡാം സന്ദർശിച്ചു. അവിടെയുള്ള ബോട്ട് യാത്ര വളരെ മനോഹരമായിരുന്നു. അവിടത്തെ ഇക്കോ പൊയിന്റിലും ഞങ്ങൾ പോയി. അവിടെ നിന്നും ഞങ്ങൾ നേരെ പോയത് മറയൂർക്കാണ്. ധാരാളം ചന്ദനമരങ്ങൾ കണ്ടു , ശർക്കരയുണ്ടാക്കുന്ന സ്ഥലത്തും ഞങ്ങൾ പോയി. അവിടെ നിന്നും കാന്തല്ലൂർക്ക് പോയ ഞങ്ങൾക്ക് ധാരാളം പച്ചക്കറികളും പഴങ്ങളും ഉണ്ടായിക്കിടക്കുന്ന തോട്ടങ്ങൾ കാണാൻ പറ്റി. രാത്രിയാണ് ഞങ്ങൾ അവിടെ നിന്ന് തിരിച്ചു പോന്നത്. ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു യാത്രയാണ് ഇത്.

Hathim Hassan
Place: Manjapetty

നന്മ നിറഞ്ഞ പെൺകുട്ടി

പണ്ട് ഒരു രാജ്യത്ത് നീതിമാനായ ഒരു രാജാവ് രാജ്യം ഭരിച്ചിരുന്നു.വരൾച്ച ബാധിച്ചത് മൂലം ആ രാജ്യത്തിലെ ജനങ്ങളും പക്ഷി മൃഗാതികളും നന്നേ ബുദ്ധിമുട്ടിയിരുന്നു.ദൈവ വിശ്വാസി ആയിരുന്ന രാജാവിന് ജനങ്ങളുടെ ദൈവദ്രയം ഇല്ലായ്മയും, ധിക്കാരവും, അഹങ്കാരവുമാണ് ഈ കൊടിയ വരൾച്ചക്ക് കാരണം എന്ന് അറിയാമായിരുന്നു. രാജാവ് അയൽ രാജ്യത്തുനിന്ന് തന്റെ രാജ്യത്തിനു ആവശ്യമായ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്തു.കൂട്ടത്തിൽ തന്റെ രാജ്യത്തിൽ നന്മയുള്ള ആരെങ്കിലും ഉണ്ടോ എന്ന് പരീക്ഷിച്ചറിയാൻ തീരുമാനിച്ചു.

ഉടൻ തന്നെ ഭടൻമാർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു. ഭടന്മാർ വിളംബരം പുറപ്പെടുവിച്ചു. 'ജനങ്ങളെ നമ്മുടെ രാജകൊട്ടാരത്തിൽ രാജാവ് ഒരു വിരുന്നൊരുക്കിയിരിക്കുന്നു എല്ലാവർക്കും വിരുന്നിൽ പങ്കെടുക്കാം'

കേട്ടപാടെ എല്ലാവരും രാജകൊട്ടാരത്തിലേക്കു ഓടി എന്നാൽ ആ നാട്ടിൽ സൽമ എന്നൊരു പെൺകുട്ടി ഉണ്ടായിരുന്നു. അവളുടെ ഉമ്മക്ക് സുഖമില്ലാത്തതിനാൽ ഉമ്മക്ക് വേണ്ട സംരക്ഷണം നൽകികൊണ്ട് അടുത്ത് തന്നെ ഉണ്ടാകും. വിളംബരം കേട്ട ഉമ്മ മകളെ വിരുന്നിനു പറഞ്ഞയച്ചു.

കൊട്ടാരത്തിലേക്ക് എത്തിയപ്പോൾ അവൾ കണ്ടത് തിക്കും തിരക്കും ഉണ്ടാക്കി 'എനിക്ക് ആദ്യം എനിക്ക് ആദ്യം' എന്നു വിളിച്ചുപറയുന്ന ആളുകളെയാണ്. സൽമ തന്റെ ഊഴവും കാത്ത് ഒഴിഞ്ഞു മാറി നിൽക്കുന്നത് കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ നിൽക്കുന്ന രാജാവ് കണ്ടു. നല്ല സ്വഭാവം ഉള്ള ഈ പെൺകുട്ടി സത്യസന്തയാണോ എന്നറിയാൻ രാജാവ് പരീക്ഷിക്കാൻ തീരുമാനിച്ചു.

രാജാവ് പാചകക്കാരോട് രഹസ്യമായി ശട്ടംകെട്ടി. അങ്ങനെ സൽമയുടെ ഊഴമെത്തി.അവൾക്ക് കിട്ടിയ ഗോതമ്പ് റൊട്ടിയുമായി അവൾ വീട്ടിലേക്ക് ഓടി. ഉമ്മയുമായി റൊട്ടി പങ്കിട്ടു കഴിക്കുന്നതിന്റെ സന്തോഷമായിരുന്നു മനസ്സുനിറയെ. റൊട്ടി പങ്കിടാൻ തുടങ്ങിയതും അതാ റൊട്ടിക്കുള്ളിൽ ഒരു സ്വർണനാണയം. അമ്പരന്നുപോയ അവൾ അതുമായി കൊട്ടാരത്തിലേക്ക് കുതിച്ചു.

ഭടന്മാർ അവളെ രാജാവിന്റെ സന്നിധിയിൽ എത്തിച്ചു. അവൾ ആ സ്വർണനാണയം രാജാവിന് തിരിച്ചേല്പിച്ചു. അവളുടെ സത്യസന്ധതയിൽ അഭിമാനം തോന്നിയ രാജാവ് അവൾക്ക് കൈ നിറയെ സമ്മാനങ്ങൾ നൽകി മടക്കി അയച്ചു.









SCAN QR CODE TO WATCH VIDEO